LSGD
തദ്ദേശ
സ്വയംഭരണ
വകുപ്പ്

# കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത്

# അന്തിമ ബഡ്ജറ്റ്

## 2025-2026

ധനകാര്യ സ്ഥിരം സമിതിയുടെ
17-02-25 തീയതിയിലെ
6 (25) - നമ്പർ തീരുമാന പ്രകാരവും
ഭരണസമിതിയുടെ 15-03-2025 തീയതിയിലെ
65/2025 നമ്പർ തീരുമാന
പ്രകാരവും അംഗീകരിച്ചത്

# ആമുഖം

ബഹുമാന്യരെ,

പിന്നിട്ട വർഷങ്ങളിലെ ബജറ്റുകൾ വിഭാവനം ചെയ്ത പദ്ധതികൾ പഞ്ചായത്തിന്റെ പുരോഗതിക്കായി നല്ല കാഴ്ചപ്പാടോടും സഹകരണത്തോട് കൂടിയും നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾക്ക് വേണ്ടി അക്ഷീണം പ്രവർത്തിച്ച ഭരണസമിതി അംഗങ്ങളെയും സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരെയും കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളെയും ജീവനക്കാരെയും നന്ദി അറിയിക്കുന്നു. ഗ്രാമസഭകളിലും വികസന സെമിനാറുകളിലും വളരെ താൽപര്യത്തോടെ പങ്കെടുത്ത നല്ലവരായ മുഴുവൻ ആളുകളെയും നന്ദിയോടെ ഓർക്കുന്നു. കൂടാതെ 2024-25 ലെ ബജറ്റിൽ ഉൾപ്പെടുത്തിയ സോളാർ ഫെൻസിംഗ് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരണത്തിലേക്ക് കടക്കുകയാണെന്ന സന്തോഷം ഈ അവസരത്തിൽ പങ്കുവെക്കുന്നു. ഈ വികസന പ്രവർത്തനങ്ങളുടെ തുടർച്ചയായും ബജറ്റു ചർച്ചകളിൽ ടൂറിസം, വന്യജീവി ശല്യം, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, അതിദരിദ്രരില്ലാത്ത പഞ്ചായത്ത്, പഞ്ചായത്തിലെ എല്ലാവർക്കും പാർപ്പിടം, മാലിന്യമുക്ത പഞ്ചായത്ത് എന്നിവയ്ക്ക് ഊന്നൽ നൽകുമെന്നും പ്രതീക്ഷിച്ചുകൊണ്ട് 2025-26 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നു.

**ശ്രീമതി ഫിലോമിന ജോർജ്ജ്**
വൈസ് പ്രസിഡണ്ട്
കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത്

ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ, മെമ്പർമാരെ, ഘടകസ്ഥാപനങ്ങളിലെ ജീവനക്കാരെ, നിർവഹണ ഉദ്യോഗസ്ഥരെ, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് മെമ്പർമാരെ, ജീവനക്കാരെ, മാധ്യമസുഹൃത്തുക്കളെ,

2024-25സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന അവസരത്തിലാണ് 2025-26 സാമ്പത്തിക വർഷത്തിലെ ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഭരണസമിതിയുടെ അഞ്ചാമത്തെ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത പല പ്രവർത്തികളും കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ഏറ്റെടുക്കുന്നതിനും വിജയിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട് എന്നുള്ളത് എല്ലാവർക്കും അറിവുള്ളതാണല്ലോ? ഗ്രാമപഞ്ചായത്തിലെ ഓരോ വ്യക്തിക്കും ഉപകാര പ്രദമാകുന്ന രീതീയിൽ പ്രവർത്തിക്കുവാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും ലഭ്യമായ വിഭവസ്രോതസ്സ് ഉപയോഗിച്ച് ഒരു പരിധിവരെ ലക്ഷ്യം നേടിയെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിലെ അനുഭവപരിജ്ഞാനം നമുക്ക് പിന്തുണയും കരുത്തും നൽകിയിട്ടുണ്ടെന്നുള്ളതും ഈ അവസരത്തിൽ ഓർക്കുന്നു. വിവിധ പ്രവർത്തനങ്ങൾക്കായി സഹായിച്ച കില, ഐ.കെ.എം, മറ്റു റിസോഴ്സ് പേഴ്സൺമാർ, ജലജീവൻ മിഷൻ പ്രവർത്തകർ എന്നിവരെ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

കോവിഡാനന്തര കാലത്ത് സംഭവിച്ച ഗുരുതര സാമ്പത്തിക പ്രതിസന്ധികൾ നമുക്ക് കയ്പേറിയ അനുഭവങ്ങളാണ് നൽകിയത് കൂട്ടായ പരിശ്രമത്തിലൂടെ നമുക്കേവർക്കും ടി പ്രതിസന്ധികളെ മറികടക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2025 ഫെബ്രുവരി മാസം അവതരിപ്പിക്കപ്പെട്ട സംസ്ഥാന സർക്കാരിന്റെ ബജറ്റിൽ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെട്ട വിഹിതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിച്ചു വരുമ്പോൾ സ്വാഭാവികമായും വളരെയധികം ചെലവുകളും അതോടൊപ്പം ഉയർന്നുവരുന്നു എന്നുള്ളത് ബോധ്യമായിട്ടുള്ള സംഗതിയാണ്. രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും വരുമാനത്തിൽ പ്രതീക്ഷിക്കുന്ന ഉയർച്ച വരുന്നില്ലായെങ്കിലും ചെലവുകൾക്ക് കുറവു വരുന്നില്ല എന്നുമാത്രമല്ല വളരെയധികം കൂടി വരുന്നതുമായാണ് ബോധ്യപ്പെടുന്നത്.

പരമാവധി ലഭ്യമാകുവാൻ സാധ്യതയുള്ള വരുമാനത്തിനെ ആധാരമാക്കിയാണ് ഈ ബജറ്റ് തയ്യാറാക്കുവാൻ ശ്രമിച്ചിട്ടുള്ളത്. എങ്കിലും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ചെലവുകൾക്കും, വികസനപ്രവർത്തനങ്ങൾക്കും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ കൈയയച്ച സഹായം നമുക്ക് ആവശ്യമാണ്

എന്ന വസ്തുത ഓർമിപ്പിക്കുന്നു. വരും വർഷത്തേക്കുള്ള പ്രതീക്ഷിത സാമ്പത്തിക മുന്നൊരുക്കമാണ് ഈ ബജറ്റിലൂടെ വിഭാവനം ചെയ്യുവാൻ ശ്രമിക്കുന്നത്.

## ബഡ്ജറ്റിന്റെ കാഴ്ചപ്പാട്

സംസ്ഥാനബഡ്ജറ്റിലെ തുകയുടെ അടിസ്ഥാനത്തിൽ പദ്ധതിവിഹിതം കണക്കാക്കുകയും സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ, കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ എന്നിവ കണക്കാക്കുകയും സ്റ്റേറ്റ് മിഷൻ, മറ്റ് ഏജൻസികൾ എന്നിവയിൽനിന്നുമുള്ള തുകകളും ഉൾപ്പെടുത്തുകയും കണക്കാക്കുകയും ചെയ്യുന്നുണ്ടെങ്കിലും തനതുഫണ്ട് വിഹിതം വർദ്ധിപ്പിക്കേണ്ടതായി വരികയും ചെയ്തിട്ടുണ്ട്. അനിവാര്യ ചുമതലകളായ ശമ്പളം, ഹോണറേറിയം, ഓഫീസ് ചെലവുകൾ ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ, കുടിവെള്ളം, ശുചിത്വം തുടങ്ങിയ അനിവാര്യ ചുമതലകൾ വളരെയധികം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിൽ ലഭ്യമാകുന്ന നികുതി, നികുതിയേതര വരുമാനവും, ജനറൽ പർപ്പസ് ഗ്രാൻറും തികയാതെ വരുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഓഫീസ്, ഘടകസ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന ചെലവുകൾ നേരിടുന്നതിന് ഗ്രാമപഞ്ചായത്ത് അധിക വിഭവസ്രോതസ്സുകൾ കണ്ടെത്തേണ്ടതായി വരുന്നു. ടി സാഹചര്യത്തിൽ ഈ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് മുമ്പാകെ താഴെപറയുന്ന വരുമാനവർദ്ധനവിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

## ബജറ്റ് നിർദ്ദേശങ്ങൾ

വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റ് ഭരണസമിതി മുമ്പാകെ സമർപ്പിക്കുന്നു.

1. വസ്തുനികുതി കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്ന് വരുന്നു. നികുതി ഒഴിവ് നൽകിയിരിക്കുന്ന ധാരാളം കെട്ടിടങ്ങളുടെ വിസ്തീർണ്ണം അനുമതി ഇല്ലാതെ തന്നെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തേണ്ടിയിരിക്കുന്നു.

2. ഗവൺമെന്റിൽനിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കുന്നതിനും ജനറൽ പർപ്പസ് ഗ്രാൻറ് തുക വർദ്ധിപ്പിച്ചു നൽകുന്നതിനും നടപടികൾ സ്വീകരിക്കുക. നിലവിൽ ലഭ്യമാകുന്ന തുക കൊണ്ട് അനിവാര്യ ചുമതലകളിലേക്ക് ആവശ്യമായ വിഹിതം കണ്ടെത്തുന്നതിന് മാത്രമേ സാധിക്കുന്നുള്ളൂ. പദ്ധതി വിഹിതത്തിലേക്കാവശ്യമായ തുക നാമമാത്രമായി മാത്രമേ ലഭ്യമാകുന്നുള്ളൂ. ആയതിനാൽ ഗവൺമെൻറ് തലത്തിൽ തുക വർദ്ധിപ്പിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. കെട്ടിടനമ്പർ പതിച്ച് കാലക്രമേണ കെട്ടിടങ്ങളിൽ മാറ്റം വരുത്തുകയും മാറ്റങ്ങൾ പഞ്ചായത്തിനെ അറിയിക്കാതെ ഇരിക്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെ കണ്ടെത്തി വസ്തുനികുതി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക. ഫീൽഡ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിശിഷ്യ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ഇടപെടൽ വർദ്ധിപ്പിക്കുക.

4. കച്ചവടസ്ഥാപനങ്ങളെ മൈക്രോമിനി, സ്മോൾ, മീഡിയം, ലാർജ്ജ്, കാറ്റഗറിയിൽ തരം തിരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ളതും പുതിയതുമായ കച്ചവട, വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം യഥാസമയം മാറ്റുന്നതിന് ശ്രമിക്കാത്തവരുടെ പക്കൽനിന്നും പരമാവധി പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കുക.

6. സമൂഹത്തിന്റെ നാനാതുറകളിലും ജീവിച്ചുവരുന്ന സാധാരണക്കാർക്കും പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന കൂലിതൊഴിലാളികൾക്കും ജാതിമതഭേദമന്യേ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കി അഴിമതി രഹിത സദ്ഭരണം കാഴ്ചവെക്കുക എന്നതാണ് ഈ ബഡ്ജറ്റ് മുന്നോട്ടു വെക്കുന്ന കാഴ്ചപ്പാട്.

7. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപന്നങ്ങൾ (ക്യാരിബാഗ്, പ്ലാസ്റ്റിക് ഇലകൾ,സ്ട്രോകൾ തുടങ്ങിയവ) നിരോധിക്കപ്പെട്ടിരിക്കുന്നതിനാൽ ആയവ കൈകാര്യം ചെയ്യുന്ന കച്ചവടസ്ഥാപനങ്ങളിൽ പരിശോധന നടത്തി നിയമാനുസൃതപിഴകൾ ഈടാക്കി ഗ്രാമപഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

7. ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഹോംസ്റ്റേകളിൽ പരിശോധന നടത്തി ഹോം സ്റ്റേകൾക്ക് ബാധകമായ നികുതി ചുമത്തുക

## ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളും വാർഷികപദ്ധതി മുഖാന്തിരം ഉൾപ്പെടുത്തിയ വിഭവങ്ങളും

* കാർഷികമേഖലയെ വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനു വേണ്ടി കൊട്ടിയൂർ ഗ്രാമപഞ്ചായത്ത് നിരവധി കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. ആയതിൽ സോളാർ ഫെൻസിംഗിനു വേണ്ടി 2024-25 സാമ്പത്തിക വർഷം 4988717 രൂപയും 2025-26 സാമ്പത്തിക വർഷം 4762350 രൂപയും മാറ്റിവെച്ചിട്ടുണ്ട് ഇത് സമീപ പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായ പ്രവർത്തിയാണ്.

1. ലൈഫ് മിഷന്റെ ഭാഗമായി പഞ്ചായത്തിൽ ഭവനരഹിതരായ എല്ലാവർക്കും വീടുകൾ നൽകുന്നതിന് ഈ ബഡ്ജറ്റിൽ തുക കണ്ടെത്തിയിട്ടുണ്ട്. പാർപ്പിടമേഖലയിൽ

ആകെ 101188100 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തിലെ അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നൽകുവാൻ 5000000 രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. അനർഹരെ ലിസ്റ്റിൽനിന്നും ഒഴിവാക്കി സാങ്കേതിക കാരണങ്ങളാൽ പെൻഷൻ നിഷേധിക്കപ്പെട്ടവരെ ഉൾപ്പെടുത്തുവാൻ ഗവൺമെൻറിനോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

3. ടൂറിസം സംബന്ധിച്ച് പുതിയ മേഖലകൾ കണ്ടെത്തുന്നതിനും പാലുകാച്ചിമല ടൂറിസം പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് വനംവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾ , മഴക്കുഴികൾ, കിണർ റീചാർജ് എന്നിവ നടത്തുന്നതിലൂടെ അരക്ഷിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും അതുവഴി ഗ്രാമീണജനങ്ങളുടെയും വിശിഷ്യ സ്ത്രീജനങ്ങളുടെയും ക്രയശേഷിയും സ്വയംപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനും 10 കോടി-രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ആയതിൽ 8 കോടി കൂലി അടക്കമുള്ള ചെലവുകൾക്ക് നീക്കിവെക്കുന്നതിനും, ബാക്കി 2 കോടി രൂപ പഞ്ചായത്തിന്റെ ആസ്തി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനും ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

5. സ്ത്രീകൾ, ശിശുക്കൾ, അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ ക്ഷേമം വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വനിതാ ഘടകപദ്ധതിയിൽ 3855500 രൂപയും കുട്ടികൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടി 1927750 രൂപയും അങ്കണവാടി പോഷകാഹാരം ഇനത്തിൽ 2009693 രൂപയും വകയിരുത്തിയിട്ടുണ്ട്.

6. അടിസ്ഥാന സൗകര്യ വികസനത്തിന് റോഡുകൾ, കലുങ്കുകൾ, നടപ്പാതകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി തുക വകയിരുത്തിയിട്ടുണ്ട്. പുതിയ റോഡുകൾ കുടിവെള്ളപദ്ധതികൾ എന്നിവയ്ക്കായി ധനകാര്യകമ്മീഷൻ ഫണ്ടിനത്തിൽ 14603000 രൂപയുടെ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഈ ബജറ്റ് നിർദ്ദേശിക്കുന്നു.

7. ഹരിതകേരളമിഷൻ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബജറ്റിൽ നിർദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യത്തിലേക്കായി വാർഷികപദ്ധതിയിൽ 360000 രൂപയും ക്ലീൻ കേരള കമ്പനിക്ക്

നൽകുന്നതിനായി 430000 രൂപയും ഹരിത കർമ്മസേനക്ക് വാഹനം ലഭ്യമാക്കുന്നതിനായി 1000000 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

8. അഴിമതി രഹിത സദ്ഭരണം പ്രദാനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സദ്ഭരണത്തിനായി 1369826 രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

10. പട്ടിക ജാതി / പട്ടിക വർഗ്ഗ ജന വിഭാഗങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ലക്ഷ്യമിടുന്നു. പട്ടിക ജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി വാർഷിക പദ്ധതിയിൽ വിവാഹ ധനസഹായം നൽകുന്നതിനായി 150000 രൂപയും, മിശ്ര വിവാഹ ധനസഹായം നൽകുന്നതിനായി 525000 രൂപയും, ഭവന മേഖലക്കായി 506000 രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി വാർഷിക പദ്ധതിയിൽ ഭവന മേഖലക്കായി 1648900 രുപ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവാഹ ധനസഹായം നൽകുന്നതിനായി 225000 രൂപയും, മിശ്ര വിവാഹ ധനസഹായം നൽകുന്നതിനായി 150000 രൂപയും വകയിരുത്തിയിട്ടുണ്ട്.

11. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും നിലവിലുള്ള കുടിവെള്ള പദ്ധതികൾഅറ്റകുറ്റപണികൾനടത്തിപൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും 638100 രൂപ ബജറ്റിലും വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

12. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് കുട്ടികൾക്കും, അമ്മമാർക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കുമായി അങ്കണവാടി പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തുകയും വാർഷിക പദ്ധതിയിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അംഗൻവാടി പോഷകാഹാരത്തിന് 2009693 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതമായി 700000 രൂപ വരവ് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

13. ആശുപത്രികളുടെ പ്രവർത്തനത്തിനും, സാന്ത്വന ക്ഷേമ പരിചരണ പ്രവർത്തനങ്ങൾക്കും, മരുന്നുകൾ വാങ്ങുന്നതിനും വാർഷിക പദ്ധതിയിൽ തുക കണ്ടത്തി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

F. H. C. ക്ക് മരുന്ന് വാങ്ങലിന് 200000 രൂപയും, ആശുപത്രിയുടെ ദൈന ദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ അഭാവം നില നിൽക്കുന്നതിനാൽ സുഗമമായ പ്രവർത്തനത്തിനായി പഞ്ചായത്ത് നിയമിച്ച ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 550800 രൂപയും, വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും സാന്ത്വന പരിചരണം നൽകുന്നതിനായി 700000 രൂപയും, ആശുപത്രിയുടെ ദൈനം ദിന ചെലവുകൾക്ക് 175000 രൂപയും വകയിരുത്തിയിട്ടുണ്ട് ക്യാൻസറിനെതിരെയുള്ള

പോരാട്ടത്തിന് ശക്തി പകരുന്നതിന് 50000 രൂപയും ബജറ്റിലുൾപ്പെടുത്തി വാർഷിക പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. ഡയാലിസിസ് രോഗികൾക്കും ഭിന്ന ശേഷിയുള്ളവർക്കും മരുന്നും, ചികിത്സ സഹായം നൽകുന്നതിനുമായി 30000 രൂപയും, പഞ്ചായത്തിലെ അതി ദരിദ്രർക്ക് മരുന്ന് നൽകുന്നതിനായി 35000 രൂപയും ബജറ്റിൽ വകകൊള്ളിച്ചു പദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്.

ആയുർവ്വേദാശുപത്രിക്ക് 900000 രൂപയും സിദ്ധ ഡിസ്പെൻസറിക്ക് 900000 രൂപയും മരുന്ന് വാങ്ങുന്നതിനായി മാറ്റിവെച്ചിട്ടുണ്ട് കണ്ടിജൻറ്. ചെലവുകൾ, മെഡിക്കൽ ക്യാമ്പ് എന്നിവയ്ക്ക് ആയുർവ്വേദ, സിദ്ധ ആശുപത്രികൾക്കായി 50000 രൂപയും വാർഷിക പദ്ധയിലുൾപ്പെടുത്തി ബജറ്റിൽ തുക കണ്ടെത്തിയിട്ടുണ്ട്

ഹോമിയോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും മരുന്ന് വാങ്ങലിനുമായി 330000 രൂപ ബജറ്റിൽ കണ്ടെത്തി വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

14. ശാരീരിക / മാനസിക വെല്ലുവിളികൾ, ഭിന്നശേഷിക്കാർ, തുടങ്ങിയവർക്കും അഗതി /ആശ്രയ വിഭാഗത്തിലുള്ളവർക്കും ആവശ്യമായ പരിഗണനയും മുൻഗണനയും നൽകിയിട്ടുണ്ട്.

ഭിന്ന ശേഷിക്കാരുടെ സംഗമം നടത്തുന്നതിനായി 50000 രൂപയും, ശാരീരിക / മാനസിക വെല്ലുവിളിക്കാർക്ക് സ്കോളർഷിപ്പിന് 700000 രൂപയും, ബജറ്റിൽ വകയിരുത്തി വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

15. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും, യുവ ജനതയെയും, കുട്ടികളെയും ഉന്നമിടുന്ന മാഫിയക്കെതിരെ പ്രവർത്തിക്കുന്നതിനും ബജറ്റിൽ 25000 രൂപ വകയിരുത്തി വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

16. വയോജനങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ ഉറപ്പ് വരുത്തുന്നതിനായി 300000 രൂപയും, വിവിധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 200000 രൂപയും സാന്ത്വന പരിചരണത്തിന് 877750 രൂപയും ബജറ്റിലും വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

17. ക്ഷീരോത്പാദകരെയും സംരംഭകരേയും സഹായിക്കുന്നതിനും തദ്വാര പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ക്ഷീര കർഷകരുടെ ഉന്നമനത്തിനും ഗുണമേന്മയുള്ള മായം ചേർക്കാത്ത പാൽ ലഭ്യമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് അർഹരായവരെ പരിഗണിക്കുന്നതിനും ബജറ്റിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

18. കറവപ്പശുക്കൾക്ക് കാലിത്തീറ്റക്ക് 1200000 രൂപയുടെയും, കന്നുകാലി, വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മരുന്ന് വാങ്ങുന്നതിനു 7000000 രൂപയുടെയും,

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ഇനത്തിൽ 1700000 രൂപയും കർഷകർക്ക് നൽകുന്നതിനായി ബജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

19. സ്ത്രീകളുടെ ക്ഷേമം, പദവി എന്നിവ ഉറപ്പാക്കുന്നതിനും ഉയർത്തുന്നതിനുമായി വളരെയധികം പ്രാധന്യം നൽകി ബജറ്റിൽ തുക കണ്ടെത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

20. തലക്കാണി ചുങ്കക്കുന്ന് യു.പി. സ്കൂളുകളുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തലക്കാണി ചുങ്കക്കുന്ന് യു. പി. സ്കൂളുകളുടെ മെയിൻറനൻസിനായി 1500000 രൂപ വകയിരുത്തിയിട്ടുണ്ട്.

22. മാലിന്യപരിപാലനം പൊതുജനങ്ങളുടെ കർത്തവ്യമായി മാറ്റുന്നതിനും ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുമായി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തരം ജൈവ മാലിന്യ സംസ്കരണ ഉപാധികൾ ഓരോ വീടുകളിലും നൽകുന്നതിനും, അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേന ഓരോ വീടുകളിലും കയറി ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. ഇത്തരം മാതൃകാപരമായ പ്രവൃത്തികളിലൂടെ കൊട്ടിയൂർ ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്തായി മാറ്റുന്നതിനും ബജറ്റിൽ തുക വകയിരുത്തുകയും ആയതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണുള്ളത്.

23. പഞ്ചായത്ത് ഓഫീസിലും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും പ്രധാന റോഡുകളിലും സ്ഥാപിച്ചിരിക്കുന്ന തെരുവ് വിളക്കുകളും ഹൈ മാസ്റ്റ് ലൈറ്റുകളും തനത് വരുമാനം വളരെ കുറവായ കൊട്ടിയൂർ ഗ്രാമ പഞ്ചാത്തിന് അധിക ബാദ്ധ്യത ആകുന്നത് കുറക്കുന്നതിനായി കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ഉപയോഗിച്ച് ഇൻ. കെൽ എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ പുതിയ ഓഫീസ് കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചിരിക്കുന്ന 20 കെ. വി. എ ശേഷിയുള്ള സോളാർ വൈദ്യുതി ഉത്പാദനം പഞ്ചായത്തിന് മുതൽ കൂട്ടായിരിക്കുകയാണ്.

24. കൊട്ടിയൂർ ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം 2025-2026 സാമ്പത്തിക വർഷത്തിൽ 20 ൽ പരം ഗുണഭോക്താക്കൾക്ക് വീടും ഭൂമിയും വാങ്ങി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ആയതിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷങ്ങളിൽ 100 വീടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

25. അതി ദാരിദ്ര്യ നിർമ്മാജന പദ്ധതിക്ക് പ്രത്യേക ഊന്നൽ നൽകിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രകാരം അതി ദാരിദ്ര്യ പട്ടികയിൽ പെട്ട ഭവന

രഹിതർക്ക് വീട് നൽകുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ സ്ഥിര വരുമാനമില്ലാത്ത പട്ടികയിലെ ഗുണഭോക്താക്കൾക്ക് സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനുള്ള വിവിധ തൊഴിൽ, വരുമാനദായക സംരംഭങ്ങളും ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

കൂടാതെ കാർഷിക വികസനത്തിനും പച്ചക്കറി, ഇടവിള കൃഷി, ജൈവ വള വിതരണം എന്നിവക്കും വിദ്യാഭ്യാസരംഗത്ത് തുടർവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനും മറ്റു നിയമബോധവൽക്കരണ പ്രവർത്തനങ്ങൾക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർമാരുടെ വേതനം, ഘടകസ്ഥാപനങ്ങളിലെ താൽക്കാലിക ജീവനക്കാരുടെ വേതനം എന്നിവയ്ക്കും വാതിൽപടിസേവനം കരുത്തുറ്റതാക്കുന്നതിനും ലഭ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# 2025 - 26 ബജറ്റ് സംഗ്രഹം

| വരവുകൾ | | |
|---|---|---|
| ക്രമ നം | ഇനം | |
| 1 | പ്രാരംഭ ബാക്കി | 4589116 |
| 2 | നികുതി വരുമാനം | 6300000 |
| 3 | നികുതിയിതര വരുമാനം | 5090000 |
| 4 | ആകെ തനത് ഫണ്ട് | 11390000 |
| 5 | ജനറൽ പർപ്പസ് ഫണ്ട് | 11714000 |
| 6 | ആകെ | 23104000 |
| 7 | മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് | 133721200 |
| 8 | മറ്റ് റവന്യു ഗ്രാന്റുകൾ-പദ്ധതിയേതര ചെലവുകൾക്ക് | 50000000 |
| 9 | ആകെ റവന്യു വരവുകൾ | 206825200 |
| 10 | മൂലധന വരവ്-വായ്പ വാങ്ങൽ | 5000000 |
| 11 | വായ്പ ഒഴികെ മൂലധന വരവുകൾ | 69321868 |
| 12 | ആകെ മൂലധന വരവുകൾ | 74321868 |
| 13 | ആകെ വരവുകൾ | 281147068 |
| 14 | ആകെ വരവുകളും പ്രാരംഭ ബാക്കിയും | 285736184 |

## ചെലവുകൾ

| ക്രമ നം | | |
|---|---|---|
| 1 | റവന്യു ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് | 22627000 |
| 2 | റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | 194915026 |
| 3 | റവന്യു ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ | 50000000 |
| 4 | ആകെ റവന്യു ചെലവുകൾ | 267542026 |
| 5 | മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് | 5000000 |
| 6 | മറ്റ് മൂലധന ചെലവുകൾ | 10500000 |
| 7 | ആകെ മൂലധന ചെലവുകൾ | 15500000 |
| 8 | ആകെ ചെലവുകൾ | 283042026 |
| 9 | നീക്കി ബാക്കി | 2694158 |

| ബജറ്റ് സംഗ്രഹം | |
|---|---|
| മുൻബാക്കി | 4589116 |
| വരവ് | 281147068 |
| ആകെ | 285736184 |
| ചെലവ് | 283042026 |
| നീക്കിയിരിപ്പ് | 2694158 |

# KOTTIYOOR GRAMA PANCHAYAT

## BUDGET FOR YEAR 2025-26

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| WS 1 OPENING BALANCE (NET = B17+B15+B12 - B2-B4-B7-B9) | | 1,566,456 | 41,967,600 | 4,589,116 |
| **INCOME** | | | | |
| BS-1-REVENUE INCOME-TAXES | | | | |
| 1101001 | Property Tax-വസ്തു നികുതി | 2,669,189 | 3,600,000 | 4,300,000 |
| 1102001 | Profession Tax-തൊഴിൽ നികുതി | 1,016,220 | 1,400,000 | 2,000,000 |
| 110 | Total-Tax Revenue | 3,685,409 | 5,000,000 | 6,300,000 |
| BS-2--REVENUEINCOME-NON-TAX | | | | |
| 130 | Rental Income from Panchayat Properties | | | |
| 130 | Total-Rental Income from Panchayat Properties | 0 | 0 | 0 |
| 140 | Fees & User Charges | | | |
| 1401001 | Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ് | 50 | 2,000 | 5,000 |
| 1401101 | Licence Fees-ലൈസൻസ് ഫീസ് | 304,800 | 340,000 | 600,000 |
| 1401201 | Fee for Grant of Permit-പെർമിറ്റ് ഫീസ് | 1,972,268 | 800,000 | 2,500,000 |
| 1401301 | Fees for Certificate or Extract-സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ | 8,745 | 14,700 | 20,000 |
| 1402001 | Penalties and Fines-ഫൈൻ | 154,045 | 150,000 | 400,000 |
| 1404001 | Miscellaneous Fees-മറ്റ് ഫീസുകൾ | 146,894 | 168,000 | 300,000 |
| 140 | Total-Fees & User Charges- | 2,586,802 | 1,474,700 | 3,825,000 |
| 150 | Sale & Hire Charges | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 1501101 | Sale of Forms-ഫാറം വില | 3,924 | 315,000 | 400,000 |
| 1501201 | Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന | 79,411 | 12,000 | 400,000 |
| 150 | Total-Sale & Hire Charges | 83,335 | 327,000 | 800,000 |
| 151 | Receipts from Transferred Institutions | | | |
| 151 | Total-Receipts from Transferred Institutions | 0 | 0 | 0 |
| 170 | Income from Investments | | | |
| 170 | Total-Income from Investments | 0 | 0 | 0 |
| 171 | Interest Earned | | | |
| 1711001 | Interest from Bank Accounts-ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 191,655 | 320,000 | 400,000 |
| 171 | Total-Interest Earned | 191,655 | 320,000 | 400,000 |
| 180 | Other Income | | | |
| 1801001 | Deposits Forfeited-നിക്ഷേപങ്ങൾ കണ്ടുകെട്ടിയത് | 0 | 5,000 | 10,000 |
| 1801101 | Lapsed Deposits-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 0 | 25,000 | 30,000 |
| 1804001 | Recovery from Employees-ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ | 8,590 | 0 | 10,000 |
| 1808001 | Miscellaneous Income | 0 | 6,000 | 15,000 |
| 180 | Total-Other Income | 8,590 | 36,000 | 65,000 |
| | Total-Non tax revenue | 2,870,382 | 2,157,700 | 5,090,000 |
| BS-3-GENERALPURPOSEFUND | | | | |
| 1601005 | General purpose fund-ജനറൽ പർപ്പസ് ഫണ്ട് | 7,706,700 | 11,662,000 | 11,714,000 |
| | Total-General purpose fund | 7,706,700 | 11,662,000 | 11,714,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| **BS-4-REVENUEINCOMEPLANGRANTS** | | | | |
| 3111001 | Special Funds-പ്രത്യേക ഫണ്ട് | | 0 | 15,000 |
| 3112002 | Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure -സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക് | 0 | 0 | 30,000 |
| 3112004 | Development Fund for Transfer to Other LSGIs for Other Specific Purposes - for Revenue Expenditure-പ്രത്യേക പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക് | | 0 | 60,000 |
| 3121001 | capital contribution- | | 1,254,020 | 0 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 60,786,453 | 13,216,388 | 80,000,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത് | | 1,994,123 | 3,000,000 |
| 3202001 | **Development Fund - വികസന ഫണ്ട്** | 38,123,215 | 96,760,457 | 39,132,800 |
| 3203001 | Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | 0 | 8,006,483 | 0 |
| 3207002 | Contributions for Joint Venture Projects (for Centrally Sponsored Scheme) -സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം- | 8,707,239 | 21,838,510 | 11,483,400 |
| 3207004 | Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്) | 32,703,319 | 0 | 0 |
| 320 | Total Revenue income Plan Grants | 140,320,226 | 143,069,981 | 133,721,200 |
| **BS-5-REVENUEINCOME-NONPLANGRANTS** | | | | |
| 160 | Revenue Grants, Funds, Contributions & Compensations | | | |
| 1601003 | State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ | 27,117,584 | 30,000,000 | 50,000,000 |
| 160 | Total-Revenue Grants, Funds, Contributions & Compensations | 27,117,584 | 30,000,000 | 50,000,000 |
| **BS-6-CAPITALINCOME-LOANS** | | | | |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 330 | loans | | | |
| 3305002 | loans - Loan from Financial Institutions-മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ | | 5,000,000 | 5,000,000 |
| 330 | Total-loans | 0 | 5,000,000 | 5,000,000 |
| BS-7Capitalincomeotherthanloans | | | | |
| 3207001 | Contributions for Joint Venture Projects (for Capital Expenditure) - | 0 | 5,500,000 | 0 |
| 3201001 | Grants, Funds & Contributions for Specific Purposes -centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 45,463,788 | 20,700,000 |
| 3201002 | Grants, Funds & Contributions for Specific Purposes - Other Central Government Grants - കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും--പ്രത്യേക പദ്ധതികൾക്കുള്ളത് | | 2,775,000 | 2,000,000 |
| 3202001 | Development Fund - വികസന ഫണ്ട് | 17,953,706 | 12,805,083 | 43,263,300 |
| 3208001 | Other Grants, Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും | | 900,000 | 3,358,568 |
| 320 | Total Capital income other than loans | 17,953,706 | 67,443,871 | 69,321,868 |
| | TOTAL INCOME | 199,654,007 | 264,333,552 | 281,147,068 |
| EXPENDITURES | | | | |
| BS-8-RevenueExpenditure-Mandatoryfunctions | | | | |
| 210 | Establishment Expenses | | | |
| 2101001 | Salaries-ശമ്പളം | 7,010,830 | 12,000,000 | 12,500,000 |
| 2101002 | Wages-കൂലി | 164,078 | 600,000 | 200,000 |
| 2101003 | Bonus-ബോണസ് | 18,837 | 20,000 | 40,000 |
| 2102001 | Travelling Allowances-യാത്രാ ബത്ത | 48,255 | 420,000 | 300,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2102002 | Other Benefits and Allowances-മറ്റ് ബത്തകൾ | 34,169 | 252,500 | 250,000 |
| 2102003 | Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം | 1,607,257 | 1,550,000 | 1,550,000 |
| 2102004 | Sitting Fee of Elected Representatives-ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 145,600 | 150,000 | 150,000 |
| 2102005 | Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത | 0 | 265,000 | 150,000 |
| 2103001 | Pension Contributions-പെൻഷൻ കോൺട്രിബ്യൂഷൻ | 594,376 | 820,000 | 900,000 |
| 2103002 | Leave Salary Contributions-അവധി ശമ്പളം | 72,126 | 307,500 | 400,000 |
| 2104001 | Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 0 | 300,000 | 300,000 |
| 210 | Total | 9,695,528 | 16,685,000 | 16,740,000 |
| 220 | Administrative Expenses | | | |
| 2201001 | Rent-വാടക | 18,000 | 102,500 | 35,000 |
| 2201003 | Taxes-നികുതി | 1,147 | 3,000 | 5,000 |
| 2201101 | Office Maintenance-ഓഫീസ് ചെലവുകൾ | 138,761 | 920,000 | 800,000 |
| 2201201 | Communication Expenses-വാർത്താ വിനിമയ ചെലവുകൾ | 250,000 | 522,500 | 400,000 |
| 2202001 | Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും | 55,664 | 317,000 | 100,000 |
| 2202101 | Printing & Stationery-അച്ചടിയും സ്റ്റേഷനറിയും | 239,039 | 630,000 | 500,000 |
| 2204001 | Insurance and Registration-ഇൻഷുറൻസ്/രജിസ്ട്രേഷൻ | 11,304 | 10,998 | 15,000 |
| 2205101 | Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ | 0 | 150,000 | 75,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2205201 | Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 23,000 | 63,000 | 65,000 |
| 2206001 | Advertisement & Publicity-പരസ്യവും പ്രചരണവും | 56,279 | 63,000 | 75,000 |
| 2206101 | Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ | 2,000 | 42,000 | 50,000 |
| 2207001 | Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ | 37,287 | 105,000 | 300,000 |
| 2207101 | Extra - ordinary Expenses-അസാധാരണ ചെലവുകൾ | 0 | 262,500 | 10,000 |
| 2208001 | Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ | 116,358 | 525,000 | 600,000 |
| 220 | Total | 948,839 | 3,716,498 | 3,030,000 |
| 230 | Operations & Maintenance | | | |
| 2301001 | Power-വൈദ്യുതി/ഊർജം | 193,941 | 862,500 | 900,000 |
| 2301002 | Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ് | 194,888 | 235,000 | 300,000 |
| 2301101 | Water Charges for Drinking Water Schemes-വാട്ടർ ചാർജ് | 183,903 | 225,000 | 250,000 |
| 2303001 | Consumption of Stores | 3,850 | 50,000 | 35,000 |
| 2304001 | Hire Charges-വാടക | 23,270 | 50,000 | 50,000 |
| 2305001 | Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ | 0 | 25,000 | 45,000 |
| 2305002 | Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ | 0 | 73,500 | 100,000 |
| 2305003 | Repairs & Maintenance - Lanes-സംരക്ഷണവും അറ്റകുറ്റപ്പണികളും--ലെയിനുകൾ | 0 | 0 | 20,000 |
| 2305004 | Repairs & Maintenance Culverts & Bridges-സംരക്ഷണവും അറ്റകുറ്റപ്പണികളും--പാലങ്ങളും കലുങ്കുകളും | 0 | 183,000 | 20,000 |

| Code | Budget Head | Actuals for the year 2023-24 | Revised Budget for the year 2024-25 | Budget for the year 2025-26 |
|---|---|---|---|---|
| 2305005 | Repairs & Maintenance - Drinking Water-സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ | 0 | 105,000 | 100,000 |
| 2305007 | Repairs & Maintenance - Electricityസംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി | 0 | 50,000 | 50,000 |
| 2305008 | Repairs & Maintenance - Waste Treatment-സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ | 0 | 25,000 | 50,000 |
| 2305009 | Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ | 80,009 | 802,500 | 900,000 |
| 2305099 | Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ | 14,996 | 105,000 | 15,000 |
| 2308001 | Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ | 148,115 | 262,500 | 20,000 |
